**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: T 1769** — **14.08.2017-ൽ മറുപടിക്ക്**

## വൈപ്പിൻ ഐ.ഒ.സി. പ്ലാന്റിന് എതിരെ സമരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) വൈപ്പിൻ ഐ.ഒ.സി. പ്ലാന്റിന് എതിരെ നടക്കുന്ന സമരം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 07.04.2017 തീയതി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് സമരനേതാക്കളുമായി ബഹുമാനപ്പെട്ട വ്യവസായ മന്ത്രി ചർച്ച നടത്തിയിട്ടുള്ളതും, ഈ ചർച്ചയിൽ എം.എൽ.എ., കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, ആലുവ ഡി.വൈ.എസ്.പി. ഞാറയ്ക്കൽ പോലീസ് ഇൻസ്പെക്ടർ, സമരസമിതി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തിട്ടുള്ളതുമാണ്. തുടർന്ന് 11/05/2017, 21/06/2017 തീയതികളിൽ പ്രശ്ന പരിഹാരത്തിനായി ബഹു.മുഖ്യമന്ത്രി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തി വയ്ക്കുകയും, ഇതു സംബന്ധിച്ച് പഠിക്കുന്നതിനായി വിദഗ്ധ സമിതിയെ നിയോഗിക്കാനും തീരുമാനിച്ചിട്ടുള്ളതാണ് . 01/08/2017 തീയതി നിയമസഭ പരിസ്ഥിതി കമ്മിറ്റി പദ്ധതി പ്രദേശം സന്ദർശിക്കുകയും, തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ പോലീസ് നടപടിയെപ്പറ്റി വകുപ്പ് തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) അന്വേഷണം നടത്തിയിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) ബാധകമല്ല. |

Deepak

**സെക്ഷൻ ഓഫീസർ**